www.malankaralibrary.com



# കാരുണികൻ

Vol.19 No. 9 Sep. 2022

സമഗ്ര ദൈവശാസ്ത്ര മാസിക

## വചനബോധി

## മലങ്കര

www.malankaralibrary.com

# വചനബോധി
## സീറോമലങ്കര

**പത്രാധിപസമിതി**

- ഫാ. മിഖാസ് കൂട്ടുങ്കൽ (എഡിറ്റർ)
- ഫാ. മോൺസി വടകരപുത്തൻപുര
- ഫാ. ജോജോ കന്നപ്പിള്ളി

## ഉള്ളടക്കം

**സെപ്തംബർ 25**
**സ്ലീബാപ്പെരുന്നാളിനുശേഷം 2-ാം ഞായർ :57**
മത്താ 16:5–12
- ഡോ. സി. ഗ്ലാഡിസ് CMC
- ഫാ. തോമസ് പ്രമോദ്

**ഒക്ടോബർ 02**
**സ്ലീബാപ്പെരുന്നാളിനുശേഷം 3-ാം ഞായർ :64**
മത്താ 18:21–35
- ഡോ. പോൾ കുഞ്ഞാനായിൽ MCBS
- ഫാ. ഡാനി മാത്യു ബഥാന്യൻ OIC

**ഒക്ടോബർ 09**
**സ്ലീബാപ്പെരുന്നാളിനുശേഷം 4-ാം ഞായർ :70**
ലൂക്കാ 16:13–18
- ഡോ. ലിന്റ പുളിക്കത്തടത്തിൽ
- ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ

**ഒക്ടോബർ 16**
**സ്ലീബാപ്പെരുന്നാളിനുശേഷം 5-ാം ഞായർ :75**
മത്താ 23:1–12
- ഡോ. പോൾ കുഞ്ഞാനയിൽ MCBS
- ഫാ. മാർട്ടിൻ പ്രേമാനന്ദ് OIC

**ഒക്ടോബർ 23**
**സ്ലീബാപ്പെരുന്നാളിനുശേഷം 6-ാം ഞായർ :81**
മത്താ 25:31–46
- ഡോ. സി. മേരി പ്രസാദ് D.M
- ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ

www.malankaralibrary.com



## സെപ്തംബർ 25
## സ്ലീബാപ്പെരുന്നാളിനു ശേഷം 2-ാം ഞായർ

# ഭാഷ്യം

### മത്താ 16:5-12

## സന്ദർഭം

യേശുവിന്റെ കൂടെയിരുന്ന് അവിടുത്തെ വചനം ശ്രവിക്കാനും അനുഗ്രഹങ്ങൾ സ്വീകരിക്കാനും തങ്ങളുടെ പ്രാഥമികാവശ്യങ്ങൾപോലും മാറ്റിവച്ച് കടന്നുവന്ന ജനതതികൾക്കായി രണ്ടാം പ്രാവശ്യവും വിജനപ്രദേശത്ത് അപ്പം വർധിപ്പിച്ചു കൊടുത്തതിനുശേഷം സമീപത്തുള്ള മഗദാൻ അഥവാ മഗ്ദല പട്ടണത്തിൽ എത്തിയ യേശുവിനെ കുടുക്കാനായി ചോദ്യങ്ങൾ ചോദിച്ച ഫരിസേയരെയും സദുക്കായരെയും കുറിച്ച് തന്റെ ശിഷ്യന്മാർക്ക് മുന്നറിയിപ്പ് കൊടുത്ത് അവരെ സംഭവിക്കാൻ ഇടയുള്ള ഭവിഷ്യത്തുകളിൽനിന്നും രക്ഷപ്പെടാൻ പ്രാപ്തരാക്കുന്നതാണ് ഈ വചനഭാഗത്തിന്റെ സന്ദർഭം.

## സാരം

ഫരിസേയരും സദുക്കായരും തങ്ങളുടെ ദൈവശാസ്ത്ര ചിന്താഗതിയിൽ വിപരീതതലങ്ങളിൽ നിൽക്കുന്നവർ ആകയാൽ ഒരിക്കലും ഒരുമിച്ച് ഒരു കാര്യത്തിലും ഇടപെടാറില്ല എന്നിരിക്കെ യേശുവിനെ തരംതാഴ്ത്താനായി ദുഷിച്ച മനസ്സോടെ, അവിശ്വാസത്തോടെ കരുക്കൾ നീക്കുമ്പോൾ അത്തരം

www.malankaralibrary.com

ചതിയിൽ പെടാതിരിക്കാൻ തക്കവിധം തന്റെ ശിഷ്യന്മാരെ യേശു പരിശീലിപ്പിക്കുന്നു. വിശ്വാസത്തിൽ ഇനിയും ആഴപ്പെട്ടിട്ടില്ലാത്ത ശിഷ്യന്മാർ യേശുവിന്റെ പ്രതീകാത്മകമായ ഉദ്ബോധനങ്ങളെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുമ്പോൾ അവരെ തിരുത്തുകയും തന്റെ ജീവിതത്തിന്റെയും പ്രവൃത്തികളുടെയും പശ്ചാത്തലത്തിൽ യഥാർഥ വിശ്വാസവും സത്യവും മനസ്സിലാക്കാൻ യേശു അവരെ സഹായിക്കുകയും ചെയ്യുന്നു.

## സന്ദേശം

ഫരിസേരും സദുക്കായരും യഹൂദജനതയുടെ ഏറ്റവും ഉന്നത ശ്രേണികളിലുള്ളവരും അവരുടെ അത്യുന്നത നീതിപീഠമായ സാൻഹെദ്രീൻ സംഘത്തിന്റെ ഭാഗവുമാണ്. എന്നിരുന്നാലും ദൈവികസത്യങ്ങളെ മനസ്സിലാക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും അവർ വിരുദ്ധ നിലപാടുകൾ ഉള്ളവരാകയാൽ സാധാരണയായി തങ്ങളുടെ ചിന്താധാരയെ വിജയിക്കാനായി എതിർപക്ഷത്തെ താഴ്ത്തിക്കെട്ടാനുള്ള ശ്രമങ്ങളാണ് നടത്താറുള്ളത്. അനേകം യഹൂദർ സർവാത്മനാ പിഞ്ചെല്ലുകയും അവർക്ക് അനുഗ്രഹദായകനായിത്തീരുകയും ചെയ്ത യേശുവിന്റെ മിശിഹാത്വം അവർ അവിശ്വസിക്കുകയും ദുഷ്ടമനസ്സോടെ ജനങ്ങളുടെ മനസ്സിൽ നിന്ന് യേശുവിലുള്ള വിശ്വാസം ഇല്ലായ്മ ചെയ്യാനായി പദ്ധതികൾ ആവിഷ്കരിക്കാൻ മാത്രം അവർ ഒരുമിച്ചുചേരുന്നു.

സത്യദൈവവിശ്വാസത്തെ നശിപ്പിക്കാനും മനുഷ്യമക്കളെ വഴി തെറ്റിക്കാനുമായ് അന്നും ഇന്നും എന്നും വിരുദ്ധശക്തികൾ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അപ്പോഴെല്ലാം കാല ത്തിന്റെ അടയാളങ്ങളെ മനസ്സിലാക്കി മനുഷ്യരെ ജാഗ്രതയോടെ യഥാർഥ വഴിയിലൂടെ കൈപിടിച്ച് നടത്തേണ്ടവരാണ് നല്ല ഇടയന്മാർ. കാലത്തിന്റെ അടയാളങ്ങൾ ഗ്രഹിച്ച് ഫരിസേ

www.malankaralibrary.com

യരുടെയും സദുക്കായരുടെയും ഇപ്രകാരമുള്ള നീക്കങ്ങളെ, അവരുടെ പുളിമാവിനെ സൂക്ഷിച്ചുകൊള്ളുക എന്നു പറഞ്ഞാണ് യേശു മുന്നറിയിപ്പ് നൽകുന്നത്.

'പുളിമാവ്' എന്ന പദം പഴയനിയമത്തിൽ തിന്മയുടെ പ്രവൃത്തികളെ സൂചിപ്പിക്കാൻ ഉപയോഗിക്കുമ്പോൾ പുതിയനിയമത്തിൽ മോശമായ അർഥത്തിലും ദൈവരാജ്യം സൂചിപ്പിക്കാനുമായും ഉപയോഗിക്കുന്നുണ്ട്. ഫരിസേയരുടെയും സദുക്കയരുടെയും പുളിമാവ് എന്ന് യേശു പറഞ്ഞപ്പോൾ അതിൽ പുളിമാവ് എന്ന അർഥം മാത്രമെടുത്ത് ഭൗതിക ആവശ്യങ്ങളിലേക്ക് മാത്രം മനസ്സിനെ തിരിച്ച ശിഷ്യരെ യേശു ശാസിക്കുന്നു. ഈ സാഹചര്യത്തിലൂടെ ശിഷ്യന്മാരും യേശുവിനെ എതിർക്കുന്ന അവിശ്വാസികളുടെ ഗണത്തിലേക്ക് തരംതാണിരിക്കുന്നു എന്ന് സുവിശേഷകൻ വ്യംഗ്യമായി പറയുന്നുമുണ്ട്. അവിശ്വാസത്തോടെ സമീപിച്ചതിനാലാണ് ഫരിസേയർക്കും സദുക്കായർക്കും അടയാളം നൽകാതെ യേശു ശാസിച്ചു പറഞ്ഞയച്ചത് എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. ഇവിടെ ശിഷ്യന്മാരെ അല്പവിശ്വാസികൾ എന്ന് വിളിച്ചാണ് യേശു പ്രബോധിപ്പിക്കുകയും തിരുത്തുകയും ചെയ്യുന്നത്.

അല്പവിശ്വാസികൾ അവിശ്വാസത്തിലേക്ക് ചാഞ്ഞ് ദുഷിച്ച മനസ്സിനും കപടതയ്ക്കും അടിപ്പെട്ടുപോയി നശിക്കാനുള്ള സാധ്യത ഏറെയാണ്. ആകയാൽ അല്പവിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേക്ക് വളരാൻ യേശു തന്റെ വചനങ്ങളും പ്രവൃത്തികളും വ്യാഖ്യാനിച്ചു കൊടുത്ത് അവരെ വിശ്വാസത്തിലേക്ക് കുറച്ചുകൂടി അടുപ്പിക്കുന്നതാണ് ഈ വചന ഭാഗം നമ്മുടെ മുൻപിൽ വയ്ക്കുന്ന സന്ദേശം.

www.malankaralibrary.com

വിശ്വാസികളും അൽപവിശ്വാസികളും തമ്മിൽ വലിയ ഭേദം ഒന്നുമില്ല എന്നതിനാൽ ഓരോരുത്തരും വ്യക്തിപരമായും കുടുംബപരമായും, സമൂഹപരമായും വിശ്വാസത്തിൽ ആഴപ്പെടാനായി യേശുവിന്റെ വചനങ്ങളും യേശു ചെയ്ത പ്രവൃത്തികളും കൂടുതൽ കൂടുതലായി വായിക്കുകയും അതേക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക എന്നത് അവശ്യാവശ്യമാണ്. അല്ലാത്ത പക്ഷം ജീവിതം നാശത്തിന്റെ വഴിയിലൂടെ നീങ്ങുകയും കൂടെയുള്ളവരെകൂടി അസമാ ധാനത്തിലേക്കും അസ്വസ്ഥതയിലേക്കും നയിക്കുന്നവരായി നമ്മൾ മാറുകയും ചെയ്യും.

**സി. ഡോ. ഗ്ലാഡിസ് cmc**

www.malankaralibrary.com

# പ്രസംഗം

## എന്താണ് ശിഷ്യർക്ക് സംഭവിക്കുന്നത്?

ഫരിസേയരും സദൂക്കായരും ഒരുമിച്ചുചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നു എന്നു കേട്ടപ്പോൾ പുരോഹിതപ്രമുഖൻ മാരുടെ ഇടയിൽ ഭയമുളവായത് സ്വാഭാവികം. കാരണം, നാളുകളായി ശത്രുതയിലായിരുന്ന അവർ ഈശോയ്ക്കെ തിരെ ഒരുമിച്ചു കൂടി. നിയമത്തിന്റെ ചെറുകണ്ണികൾപോലും പാലിച്ച്, ജീവിക്കുന്നവ രാണ് ഫരിസേയർ; നിയമം വിട്ടൊരു കളിയില്ലെന്ന് ചുരുക്കം. ഹെബ്രായ വചനങ്ങൾക്ക് പൂർണ വിധേയത്വം പാലിച്ച് ജീവിക്കുന്നവരാണ് സദുക്കായർ. വച നവും നിയമവും ഈശോയ് ക്കെതിരെ ഒന്നിച്ചു ചേർന്നു.

**പുളിമാവിനെ സൂക്ഷിക്കുക**

ഫരിസേയരേയും സദുക്കായരേയും ഒന്നിച്ചു കൂട്ടാൻ ഈശോ ശ്രമിച്ചിരുന്നു. പുളിമാവ് എന്ന ഉപമയാണ് അവരെ പറ്റി പറയാൻ ഈശോ തിരഞ്ഞെടുക്കുന്നത്. പാപത്തെപറ്റിയും അഴിമതിയെപറ്റിയും പറയുമ്പോൾ മത്തായിയുടെ സുവിശേ ഷം പതിമൂന്നാം അധ്യായത്തിൽ പുളിമാവിന്റെ ഉപമ ഉപയോ ഗിക്കുന്നു. പാപത്തിന്റെ സ്വാധീനത്തെപറ്റി പറയുമ്പോൾ യഹൂ ദൻമാരുടെ പ്രയോഗമാണ് പുളിമാവ്. യഹൂദൻമാരെ സംബന്ധി ച്ച് പുളിമാവ് തിന്മയുടെ പ്രതീകമാണ്. തിന്മ പുളിമാവ് പോലെ പുളിച്ച് പൊന്തി ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിക്കും എന്ന് പറയുന്നതാണ് ഉത്തമം.

www.malankaralibrary.com

**ഭക്ഷണം കരുതിയില്ല**

ശിഷ്യൻമാരുടെ ആകാംക്ഷ എന്താണെന്ന് കൃത്യമായി ഈശോ മനസ്സിലാക്കി എന്നു വേണം കരുതാൻ. കാരണം വലിയ ജനസഞ്ചയത്തിനു അപ്പം പങ്കുവച്ച് കഴിഞ്ഞതേയുള്ളൂ. അയ്യായിരവും നാലായിരവും വരുന്ന പുരുഷാരത്തിന് അപ്പം വർധിപ്പിച്ച് കൊടുത്ത ഈശോയാണ് മുന്നിലുള്ളതെന്ന് ചിന്തിക്കാതെയായിരുന്നു ശിഷ്യരുടെ സംശയം, 'അപ്പം കൂടെ കരുതാത്തതിനാലാകുമോ ഈശോ പുളിമാവിനെപറ്റി സംസാരിക്കുന്നത്?' ഈശോയുടെ കൂടെ ജീവിച്ച ശിഷ്യർക്കുപോലും കാര്യങ്ങൾ മനസ്സിലായില്ല എന്നു പറയാം. ഈശോ പറയുന്നത് ഫരിസേയരുടെ തെറ്റായ പ്രബോധനത്തെപറ്റിയാണ്, അവരുടെ കപടനാട്യത്തെപറ്റിയാണ്.

എന്താണ് ശിഷ്യർക്ക് സംഭവിക്കുന്നത്?

**1. അജ്ഞത**

ശിഷ്യർക്ക് മനസ്സിലായില്ല, പുളിമാവ് എന്ന വസ്തു ഉപയോഗിച്ച് ഈശോ പറയാൻ ഉദ്ദേശിച്ചത് ആത്മീയ കാര്യങ്ങളെ പറ്റിയാണെന്ന്. പുളിമാവ് എന്ന ഉപമ വഴി ഈശോ പറഞ്ഞത് ഫരിസേയരുടെയും സദുക്കായരുടെയും പ്രബോധനങ്ങളെയും പഠിപ്പിക്കലുകളെയുംപറ്റിയായിരുന്നു.

**2. അവിശ്വാസം**

പല തവണ അപ്പം വർധിപ്പിച്ചതിനു ശേഷവും ശിഷ്യൻമാർ ചിന്തിച്ചത് വിശപ്പിനെപറ്റിയും നശ്വരതയെപറ്റിയുമാണ്. വിശ്വാസത്തിലെ ദൃഢത എവിടെയോ നഷ്ടപ്പെടുത്തിയതുപോലെ.

www.malankaralibrary.com

### 3. മറവി

അവർ മറന്നത് ഈശോയ്ക്ക് സാധ്യമായതിനെപറ്റിയാണ്. വർഷങ്ങൾ കൂടെ നടന്നതിനു ശേഷവും ഈശോ ആരാണെന്നും എന്തൊക്കെ സാധിക്കുമെന്നും അവർ മറക്കുന്നു. തെറ്റായ പ്രബോധനങ്ങൾ നമ്മെ വഴിതെറ്റിക്കാതിരിക്കട്ടെ, സൂക്ഷിക്കണം പുളിമാവിനെയും അവയുണ്ടാക്കാൻ സാധ്യതയുള്ള അനന്തരഫലങ്ങളെയും.

**ഫാ. തോമസ് പ്രമോദ്**

www.malankaralibrary.com


## ഒക്ടോബർ 02
## സ്ലീബാപ്പെരുന്നാളിനുശേഷം 3-ാം ഞായർ

# ഭാഷ്യം

### മത്താ 18:21-35

## സന്ദർഭം

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ സമൂഹജീവിതത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ (മത്താ 18:1-35) ഭാഗമാണ് ഇന്നത്തെ സുവിശേഷം. ഈ പ്രബോധനം ആരം ഭിക്കുന്നത് ശിശുക്കളെപ്പോലെ സ്വയം ചെറുതാകാൻ നിർദേശിച്ചുകൊണ്ടുമാണ് ആർക്കും ദുഷ്പ്രേരണ നൽകാതിരിക്കാൻ സൂക്ഷിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ്. ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണമെന്നും വഴിതെറ്റിപ്പോയവരെ വീണ്ടെടുക്കണമെന്നും പരസ്പരം തിരുത്തണമെന്നും തുടർന്ന് പഠിപ്പിക്കുന്നു. അനുരഞ്ജനത്തിനു ജീവിക്കുന്ന ക്രൈസ്തവ സമൂഹങ്ങൾക്ക് ഈശോയുടെ നാമത്തിൽ ഒരുമിച്ചുകൂടാനും ദൈവസാന്നിധ്യത്തിന്റെ ഇടങ്ങളാകാനും സാധിക്കും. തുടർന്ന് പരസ്പരം ക്ഷമിക്കുന്നതിനുള്ള പ്രാധാന്യ ത്തെ വിശദമാക്കുന്നു.

## സാരം

സ്വർഗത്തെക്കുറിച്ചും (വാക്യം 1:35) ശിക്ഷയെക്കുറിച്ചുമുള്ള (വാക്യം 69:34) പരാമർശങ്ങൾക്കിടയിലാണ് (inclusion) സുവിശേഷകൻ സമൂഹജീവിതത്തെക്കുറിച്ചുള്ള പ്രബോധനം ക്രമീകരിച്ചിരിക്കുന്നത്. മനോഹരമായ ക്രൈസ്തവസമൂഹങ്ങൾ കെട്ടിപ്പടുക്കാനും സ്വർഗപ്രവേശനവും നിത്യജീവനും സ്വന്തമാക്കാനും അത്യന്താപേക്ഷിതമായ സുകൃതമാണ് ക്ഷമ. അത് ഏഴുപ്രാവശ്യം ക്ഷമിക്കാനുള്ള മഹാമനസ്കതയല്ല, അതിനുമപ്പുറം പരിധിയില്ലായ്മയെ കാണിക്കുന്ന 'ഏഴ് എഴുപതു

www.malankaralibrary.com

പ്രാവശ്യം' ക്ഷമിക്കലാണ്. ക്രൈസ്തവർ പ്രാവർത്തികമാക്കേണ്ട ഈ ക്ഷമയുടെ മാനദണ്ഡം ദൈവം മനുഷ്യവംശത്തോടു കാണിക്കുന്ന ക്ഷമതന്നെയാണ്. ഒരു സാധാരണക്കാരന് നൂറു ദനാറ നൂറു ദിവസത്തെ അധ്വാനംകൊണ്ട് നേടാനാകുമെങ്കിൽ, ഒരായുഷ്ക്കാലത്തെ കഷ്ടപ്പാട് പതിനായിരം താലന്തു സമ്പാദിക്കാൻ മതിയാകണമെന്നില്ല. പതിനായിരം താലന്ത് കടപ്പെട്ടിരുന്നവന്റേത് തനിക്ക് തിരിച്ചു കിട്ടാൻ സാധ്യതയില്ലാത്ത കടമായിരുന്നിട്ടും 'ക്ഷമയോടെ കാത്തിരിക്കണമേ' എന്നവനപേക്ഷിച്ചതിനാൽ രാജാവ് മനസ്സലിവു കാണിച്ച് അയാൾക്കിളച്ചു നൽകുകയാണ്. എന്നാൽ തനിക്കു കിട്ടിയ കരുണയുടെ നൂറിലൊരംശംപോലും സഹസേവകനോട് കാണിക്കാത്ത അയാൾ ഒടുവിൽ ശിക്ഷാവിധിക്കു വിധേയനാകുന്നു.

## സന്ദേശം

പരസ്പരം ക്ഷമിക്കുന്നതിൽ അലംഭാവം കാണിക്കുന്ന അംഗങ്ങളുള്ള ക്രൈസ്തവ സമൂഹങ്ങൾ നരകതുല്യമായിരിക്കും. കാരണം, ക്ഷമിക്കുന്നവർക്കേ ദൈവകരുണ ലഭിക്കുകയുള്ളൂ. അവരുള്ളിടത്തേ ക്രിസ്തു സാന്നിധ്യം നിലനിൽക്കുകയുള്ളൂ. നേരെമറിച്ച് ക്ഷമി ക്കുന്നവരുള്ളിടം സ്വർഗം ഇറങ്ങിവന്നതുപോലെയാണ്. അവിടെ ദൈവസാന്നിധ്യവും കരുണയും അനുഭവവേദ്യമാകും. പരസ്പരം ക്ഷമിച്ചുകൊണ്ട് നമുക്ക് നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും സ്വർഗതുല്യമാക്കാം.

**ഡോ. പോൾ കുഞ്ഞാനയിൽ MCBS**

www.malankaralibrary.com

# പ്രസംഗം

## ക്ഷമിക്കുന്ന സ്നേഹം

ക്ഷമിക്കുന്നവനാകണം ഒരു യഥാർഥ ക്രിസ്തു അനുയായി എന്ന് ഇന്നത്തെ സുവിശേഷം നമ്മെ അനുസ്മരിപ്പിക്കുന്നു. എത്ര തവണ ക്ഷമിക്കണമെന്ന് ആരായുന്ന പത്രോസിനോട് ഈശോ ഏഴ് എഴുപത് എന്ന് മറുപടി നൽകി. തെറ്റ് ചെയ്യുന്നവരോട് മൂന്നുതവണ ക്ഷമിക്കണമെന്ന് ആവർത്തിച്ച് പറഞ്ഞ് പഠിപ്പിക്കുന്ന നിയമപണ്ഡിതൻമാരിൽ നിന്നൊക്കെ ഉദാരമനസ്കനായിരുന്നു പത്രോസ്. അവൻ ചോദിച്ചത് മൂന്നിൽ നിന്നല്പം കൂട്ടി ഏഴ് തവണ വേണമോ എന്നായിരുന്നു. എന്നാൽ സ്രഷ്ടാവിന്റെ മാഹാത്മ്യം അവിടെയാണ് ഉദാത്തമായി പ്രകടമാകുന്നത്.

**ഏഴ് എഴുപത്?**

ഏഴ് തവണ എഴുപതിനോട് ചേർത്താൽ 490. ഒന്നു ചിന്തിച്ചാൽ ആരാണ് ക്ഷമിച്ചതിനൊക്കെ കണക്കു വച്ച്, 490 തവണ എണ്ണി തിട്ടപ്പെടുത്തി, അടുത്തതിന് ക്ഷമിക്കാതിരുന്ന് അവനെ പാഠം പഠിപ്പിക്കണം എന്നു ചിന്തിക്കുക. അപരിമിതമായി ക്ഷമിക്കുക എന്നാണ് ഈശോ പറയാതെ പറഞ്ഞുവയ്ക്കുന്നത്. ധൂർത്തടിച്ച് ധനം വ്യയം ചെയ്ത ധൂർത്തപുത്രന്റെ ഉപമയിലെ ക്ഷമിക്കുന്ന അപ്പനെ ഈശോ ഓർമിപ്പിക്കുന്നു. സമ്പത്ത് നാമാവശേഷമാക്കിയ മകനെ നല്ല വസ്ത്രം ധരിപ്പിച്ച്, വിരുന്നൊരുക്കി, ആഭരണങ്ങൾ അണിയിച്ച് തിരികെ ഭവനത്തിലേക്ക് സ്വീകരിച്ച അപ്പനെ മാതൃകയാക്കാൻ ഓർമിപ്പിക്കുകയാണ് ഈശോ. ആ നല്ല അപ്പൻ ക്ഷമിക്കാനുദ്യമിച്ചപ്പോൾ മകൻ വീണ്ടെടുക്കപ്പെടുന്നു, ഒരു പുതിയ ജീവിതത്തിന് വഴിയൊരുങ്ങുന്നു. ഇവിടെ എത്ര തവണ എന്നതല്ല, നിനക്കു ക്ഷമിക്കാനാകുമോ എന്നതാണ് പ്രധാനം.

www.malankaralibrary.com

**കടപ്പെട്ട സേവകൻ**

കടമുള്ള സേവകരുടെ കടം തീർക്കാൻ ആ രാജാവ് തീരുമാനിച്ചു. പലരുടെയും കടങ്ങൾ തീർത്ത് ഒടുവിൽ എണ്ണിയാൽ തിട്ടപ്പെടുത്താനാകാത്ത കടത്തിനുടമയായിരുന്ന സേവകരിലൊരുവന്റെ കാര്യത്തിലെത്തിയപ്പോൾ രാജാവ് അല്പം കഠിന ഹൃദയനായോ? രാജാവിനറിയാം ആ സേവകന് തന്റെ കടങ്ങൾ വീട്ടാനാകില്ല എന്ന്. അത്രയധികം അവന്റെ കടങ്ങൾ ഏറിയിരുന്നു. എന്നിട്ടും അവനെയും അവന്റെ കുടുംബവും സ്വത്തും വിറ്റ് കടം തീർക്കാൻ രാജാവ് കല്പിച്ചു. ഒരു താലന്താണ് സാധാരണഗതിയിൽ സേവകന്റെ വില. ചന്തയിൽ ലേലത്തിന് അതിൽ കുറഞ്ഞ വിലയ്ക്കും അവരെ ലഭിക്കാറുണ്ട്. തന്നെ വിറ്റാലും തന്റെ സ്വത്തുക്കൾ വിറ്റാലും കൊടുക്കാനുള്ളതിന്റെ ഒരംശം പോലുമാകില്ലെന്നവനറിയാം. എന്നിരുന്നാലും രാജാവിന്റെ ദയയേയും ആർദ്രതയേയും നേരിൽ അറിയാവുന്ന സേവകൻ അവന്റെ കാൽക്കൽ വീഴുന്നു. സേവകനാവശ്യം ഒരല്പം ക്ഷമയും സാവകാശവുമാണ്. തന്നോട് അപേക്ഷിച്ച സേവകനോട് രാജാവിന് ദയവു തോന്നുന്നു. എത്ര ഇളവ് നൽകിയാലും നികത്താനാകാത്ത കടവുമായി ജീവിച്ചിരുന്ന ആ സേവകന് ക്ഷമയുടെയും ആർദ്രത യുടെയും മുഖമാവുകയാണ് രാജാവ്. തന്റെ കടം തീർത്തും ഇളവു ലഭിച്ച സേവകൻ കൃതാർഥനായി പുറത്തേക്ക് ഇറങ്ങി ദീർഘനി ശ്വാസം വിട്ട് മുന്നോട്ട് നീങ്ങുന്നു.

**ക്ഷമിക്കാനാകാത്ത സേവകൻ**

ആ സേവകൻ പുറത്തേക്കിറങ്ങിയപ്പോൾ കണ്ടത് തന്നോട് നൂറ് ദനാറ കടപ്പെട്ട മറ്റൊരു സേവകനെയാണ്. അവന്റെ കഴുത്ത് ഞെരിച്ച്, അവനോട് ദയ കാണിക്കാതെ, തനിക്ക് രാജാവിൽ നിന്നു ലഭിച്ച ഇളവിനെപറ്റി ചിന്തിക്കാതെ, പകരം തന്റെ സഹസേവകനിൽ നിന്ന് തനിക്ക് ലഭിക്കാനുള്ള നൂറു ദനാറയെപറ്റി ചിന്തിക്കുന്നു. നൂറ് ദിവസത്തെ കൂലിയാണ് നൂറ് ദനാറ. ഈ തുക ആ സഹസേവകനെ സംബന്ധിച്ച് വലുതാണ്, എങ്കിലും, രാജാവിന് പതി നായിരം താലന്ത് കടപ്പെട്ടിരിക്കുന്ന ആദ്യ സേവകന്റെ കടത്തോട് തുലനം ചെയ്താൽ സഹസേവകന്റെ കടം വളരെ ചെറുതാണ്. തനിക്ക്

www.malankaralibrary.com

രാജാവിൽ നിന്നു ലഭിച്ച ദയയും ദാക്ഷിണ്യവും കണക്കിലെടുക്കാതെ, തന്റെ സഹസേവകന്റെ കഴുത്ത് ഞെരിച്ച് ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുന്ന സേവകൻ. സഹസേവകൻ 'എന്നോട് ദയവ് തോന്നണേ, ഞാനെല്ലാം തന്നു വീട്ടികൊള്ളാം' എന്നാവർത്തിച്ച് അപേക്ഷിച്ചു പറയുന്നുണ്ട്. എന്നാൽ ആ സേവകൻ കഠിനഹൃദയനാകുന്നു, അവനെ തടവറയിലേക്ക് പറഞ്ഞയക്കുന്നു.

### ക്ഷമിക്കാത്ത സേവകന്റെ വിധി

എല്ലാം കണ്ടു നിന്നിരുന്ന സഹസേവകരാണ് അവന്റെ തെറ്റ് രാജാവിനെ അറിയിക്കുന്നത്. താൻ ചെയ്യുന്നത് തെറ്റാണ് എന്നുപോലും സേവകന് ബോധ്യമാകുന്നില്ല. കാരണം, ആ സേവകൻ തന്റെ തെറ്റിനെ മറച്ചുവച്ച് അപരന്റെ തെറ്റിനെ ചൂണ്ടിക്കാട്ടുന്നു. ഇതറിയുന്ന രാജാവ് സേവകനോട് രോഷാകുലനാകുന്നു. ഇത്രയധികം ക്ഷമയും ആർദ്രതയും ലഭിച്ച സേവകൻ തന്റെ സഹഭൃത്യൻമാരോട് ക്രൂരതയുടെ പര്യായമായി മാറുന്നത് കണ്ട് രാജാവ് സേവകനെ അവന്റെ കടം വീട്ടുവോളം കാരാഗൃഹത്തിലടയ്ക്കാൻ ഉത്തരവിടുന്നു.

### കളങ്കമറ്റ ക്ഷമ

പ്രതിദിനമുള്ള നമ്മുടെ പ്രാർഥനയിൽ- കർത്തൃപ്രാർഥനയിൽ നമ്മൾ ചൊല്ലാറുണ്ട്, 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ' എന്ന്. മറ്റുള്ളവരോട് ക്ഷമിച്ചാലേ നമ്മുടെ അകൃത്യങ്ങളും നമ്മോട് ക്ഷമിക്ക പ്പെടുകയുള്ളു എന്ന് ദിനവും ആവർത്തിച്ച് പ്രാർഥിക്കുമ്പോൾ ഓർ ക്കാം, നമ്മുടെ കടങ്ങൾ ഏറെയാണ്. ഓരോ തവണ തിന്മ ചെയ്ത് ദൈവത്തിൽ നിന്ന് അകലുമ്പോൾ അവൻ ക്ഷമിച്ച് നമ്മെ ചേർത്തു നിർത്തുന്നു. നമ്മുടെ അപേക്ഷകളും പ്രാർഥനകളും സ്വീകരിച്ച് അവ ൻ ദയവു തോന്നി നമ്മോട് ആർദ്രത കാണിക്കുമ്പോൾ എന്തുകൊ ണ്ട് സഹോദരന്മാരോട് ക്ഷമിച്ചുകൂടാ?

ഒന്നോർക്കാം, നമ്മുടെ എല്ലാ കടങ്ങളും ക്ഷമിക്കാൻ വിസമ്മതിച്ചാൽ നാം വലിയ ക്രോധത്തിന് വിധേയരാകുന്നു. ദൈവമായ

www.malankaralibrary.com

കർത്താവ് നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കാൻ തയ്യാറാണ്, എത്ര കഠിനമെങ്കിലും, നമ്മുടെ അപേക്ഷകൾ സ്വീകരിച്ച് നമ്മുടെ കടങ്ങൾ പൂർണമായി ഇളച്ചു തരാൻ തയ്യാറാണ്. എന്നാൽ, നമ്മൾ അയൽക്കാരോട്, സഹഭൃത്യരോട്, സഹോദരൻമാരോട് എപ്രകാരം പെരുമാറുന്നു എന്നതാണ് പ്രധാനം. അവരോട് ക്ഷമിക്കുന്നില്ലെങ്കിൽ, അവരോട് സ്നേഹപൂർവം പെരുമാറുന്നില്ലെങ്കിൽ നമ്മോട് ദൈവം എങ്ങനെ ക്ഷമിക്കും. "നിങ്ങൾ ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു. ഞാൻ എന്തെങ്കിലും ക്ഷമിച്ചിട്ടുണ്ടെങ്കിൽ, അതു ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കുവേണ്ടിയാണ്" (2 കോറി 2:10).

**ഫാ. ഡാനി മാത്യു ബഥാന്യൻ O.I.C**

www.malankaralibrary.com


## ഒക്ടോബർ 09
## സ്ലീബാപ്പെരുന്നാളിനുശേഷം 4-ാം ഞായർ

# ഭാഷ്യം

## ലൂക്കാ 16:13-18

## സന്ദർഭം

ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന രണ്ട് ഉപമകളുടെ വിവരണമാണ് പതിനാറാം അധ്യായം. വിവരണ പശ്ചാത്തലം പഠിതാക്കളുടെ ഇടയിൽ ഇന്നും ഒരു അന്വേഷണ വിഷയമായി അവശേഷിക്കുമ്പോൾ ജറുസലെമിലേക്കുള്ള യാത്രയിലാകാം ഈശോ ഈ ഉപമ പറഞ്ഞത് എന്നാണ് പൊതുവേയുള്ള അനുമാനം. അവിശ്വസ്തനായ കാര്യസ്ഥൻ (ലൂക്ക 16:1-8). ഉപമയുടെപശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം വിചിന്തനത്തിനായി നൽകപ്പെട്ടിരിക്കുന്ന വചനഭാഗം (ലൂക്കാ 16:13-18) മനസ്സിലാക്കാൻ.

## സാരം

പ്രബോധനശൈലിയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ (16:13-18) തിരുവചനങ്ങൾ മൂന്ന് ആശയങ്ങളാൽ ബന്ധിതമാണ്. 16:13 ദൈവത്തെയും ധനത്തെയും ഒരേപോലെ ശുശ്രൂഷിക്കാൻ സാധിക്കില്ല. ആ സത്യത്തെ വെളിപ്പെടുത്തുന്നതിനാണ് സുവിശേഷകൻ, 'ദൈവം', 'മാമോൻ' എന്നീ വൈരുധ്യാർഥങ്ങൾ നൽകുന്ന പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്.

16:14-17 'പണക്കൊതിയർ' എന്ന നാമവിശേഷണമാണ് ഫരിസേയർക്ക് സുവിശേഷകൻ നൽകിയിരിക്കുന്നത്. "ഇത് എല്ലാം കേട്ടപ്പോൾ അവർ പ്രകോപിതരാകുകയും ഈശോയെ പുച്ഛിക്കുകയും ചെയ്തു." എന്നാൽ മനുഷ്യപ്രീതിക്കുവേണ്ടി യത്നിക്കുന്ന അവരുടെ ഹൃദയഭാവങ്ങൾ ഈശോ വീണ്ടും വെളിപ്പെടുത്തുകയാണ്. അത് ദൈവതിരുമുമ്പിൽ നികൃഷ്ടമാണെന്ന് അവിടന്നു പറയുന്നു. പഴയനിയമകാലത്ത് ദൈവഹിതം തിരിച്ചറിഞ്ഞിരുന്നത് പ്രവാചകന്മാരിലൂടെയും നിയമത്തിലൂടെയുമായിരുന്നു. അത് യോഹന്നാന്റെ കാല

www.malankaralibrary.com

ത്തോടെ അവസാനിച്ചുവെന്നും ഈശോയിലൂടെ ഒരു പുതിയയുഗം ആരംഭിച്ചിരിക്കുന്നുവെന്നും അവിടുന്നു പഠിപ്പിക്കുന്നു.

മുകളിൽ പ്രസ്താവിച്ച വചനങ്ങൾക്കു ആനുപാതികമായി നിൽക്കുന്നതല്ല 16:18. എങ്കിലും നിയമപരാമർശവുമായി ഇത് ബന്ധിതമാണ്. വിവാഹമോചനത്തെ അനുകൂലിക്കാനല്ല, മറിച്ച് ഉപേക്ഷാ പത്രം കൈയിലുള്ള സ്ത്രീകളെ വ്യഭിചാരത്തിനുള്ള മരണശിക്ഷ യിൽ നിന്നും മോചിതരാക്കാനുള്ള നിയമമായാണ് ഇത് കണ്ടി രുന്നത്.

## സന്ദേശം

ക്രൈസ്തവ വീക്ഷണത്തിൽ സമ്പത്ത് നിഷേധാത്മകമായ ഒന്നല്ല. എന്നാൽ, ബുദ്ധിപൂർവവും വിശ്വസ്തതയോടെയും ധാർമിക മൂല്യബോധത്തോടെയും കൈകാര്യം ചെയ്യാൻ ദൈവം ഏല്പിച്ച ഒരു ദൗത്യമായാണ് സുവിശേഷകൻ സമ്പത്തിനെ അവതരിപ്പിച്ചിരിക്കുന്നത്.

ലൂക്കായുടെ സുവിശേഷത്തെ സാർവത്രിക സുവിശേഷം എന്ന് വിളിക്കുന്നു. കാരണം മറ്റു സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമായി, ഈശോയുടെ രക്ഷാകര സന്ദേശം ലോകത്തിനു മുഴുവൻ വേണ്ടിയുള്ളതാണെന്നും ആരും അതിൽ നിന്നു ഒഴിവാക്കപ്പെട്ടിട്ടില്ലെന്നും പ്രത്യേകം എടുത്തു കാണിക്കുന്നു.യഹൂദജനം വിശ്വസിച്ചിരുന്നത് രക്ഷ നിയമപാലനം വഴി മാത്രമാണ് സംജാതമാകുന്നതെന്നാണ്. ആ വിശ്വാസത്തിനൊരു തിരുത്തെഴുത്താണ് ഈശോയുടെ ആഗമനവും പ്രഘോഷണവും.

**ഡോ. സി. ലിന്റ പുളിക്കത്തടത്തിൽ**

www.malankaralibrary.com

# പ്രസംഗം

## വിശ്വാസ സ്ഥിരത

യേശു പറയുന്നു, നിയമവും പ്രവാചകന്മാരും യോഹന്നാൻവരെ ആയിരുന്നു. അതിനുശേഷം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നു. എല്ലാവരും ബലം പ്രയോഗിച്ച് അതിൽ പ്രവേശിക്കുന്നു (ലൂക്കാ 16:16). പള്ളിയിൽപോകുന്നതും നേർച്ച ഇടുന്നതും ധ്യാനം കൂടുന്നതും മാത്രമാണ്. വിശ്വാസം എന്ന് കരുതുന്ന വിശ്വാസികളുടെ എണ്ണം കൂടിയ ഈ ലോകത്തിൽ വിശ്വാസം എന്തെന്ന് നമ്മുടെ രക്ഷകനായ യേശു നമ്മെ പഠിപ്പിക്കുന്നു. അവൻ വന്നത് രോഗികളെ സുഖപ്പെടുത്താനും മരിച്ചവരെ ഉയർപ്പിക്കാനും ദരിദ്രരോട് സുവിശേഷം പ്രസംഗിക്കാനും ആയിരുന്നു (ലൂക്കാ 7:22). അവൻ തന്റെ ശിഷ്യന്മാരെ ലോകത്തിലേക്ക് അയച്ചപ്പോഴും പറഞ്ഞു: "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ" (ലൂക്കാ 9:6).

സുവിശേഷം ജീവിക്കുന്നതും പ്രസംഗിക്കുന്നതും വിശ്വാസജീവിതത്തിന്റെ നിലനിൽക്കുന്ന ലക്ഷണങ്ങൾ ആണ്. ഇന്നത്തെ സുവിശേഷ വായനയിലൂടെ യേശു വ്യക്തമാക്കുന്നു, ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടണം, ആ പ്രസംഗിക്കപ്പെട്ട വചനം ശക്തമായ വിശ്വാസമായി മാറണം. അങ്ങനെ ശാന്തിയോടുകൂടി നേടിയെടുക്കേണ്ടതാണ് ദൈവരാജ്യം. ദൈവരാജ്യത്തിൽ ജീവിക്കുന്നതും ദൈവരാജ്യത്തിനുവേണ്ടി ജീവിക്കുന്നതും നിരന്തരമായി യുദ്ധം ചെയ്യുന്ന പോരാളികളെപോലെയാണ്. അവർക്കുവേണ്ടത്. തകരാത്ത ശക്തിയും തളരാത്ത ശുദ്ധതയുമാണെന്ന് പൗലോസ് ശ്ലീഹായും നമ്മെ പഠിപ്പിക്കുന്നു. പൗലോസ് പറയുന്നു: "അവിടത്തെ മനസ്സിൽ പരിശുദ്ധരും കുറ്റമറ്റവരും നിർമലരുമായി നിങ്ങളെ സമർപ്പിക്കുന്നതിനുവേണ്ടിയാണ് അവൻ ഇപ്രകാരം ചെയ്തത്. എന്നാൽ നിങ്ങൾ ശ്രവിച്ച സുവിശേഷം നൽകുന്ന പ്രത്യാ

www.malankaralibrary.com

ശയിൽനിന്നു വ്യതിചലിക്കാതെ സ്ഥിരതയോടും ദൃഢനിശ്ച യത്തോടുംകൂടെ വിശ്വാസത്തിൽ നിങ്ങൾ നിലനിൽക്കേണ്ടി യിരിക്കുന്നു (1:23). യേശുവിന്റെ ശിഷ്യന്മാരാണ് നമ്മളെങ്കിൽ നിരന്തരമായി സുവിശേഷം ജീവിച്ച് പ്രസംഗിക്കുന്നവരായി രിക്കും എന്ന് യേശുവിന്റെ വാക്കുകളെ ധ്യാനിച്ച് പൗ ലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു.

വിശ്വാസ അസ്ഥിരത എന്താണെന്ന് നമ്മുടെ ജീവിതങ്ങളി ലൂടെ യേശു വ്യക്തമാക്കുന്നു.

ഒന്ന്: ഒരു ഭൃത്യന് രണ്ട് യജമാനന്മാരെ സേവിക്കാനാവി ല്ല. വിശ്വസ്തതയില്ലാത്ത വിശ്വാസവും ജീവിതവും എല്ലാം കള്ളത്തരമാണ്.

രണ്ട്: ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാൻ നിങ്ങൾ ക്കാവില്ല. ധനം തന്നെ ദൈവമായി മാറുന്ന നമ്മുടെ ലോകത്തിൽ ദൈവമാണ് എല്ലാം എന്നും; ധനം വെറും ജീവ നോപാധിയാണെന്നും കരുതാൻ കഴിയുന്നവർ വിശ്വാസത്തിൽ ശക്തരാണ്.

മൂന്ന്: ഭാര്യാഭർത്താക്കന്മാർക്കിടയിൽ ദൈവസാന്നിധ്യം കുറയുമ്പോൾ പരസ്പരം അവിശ്വസ്തരാവുകയും അത് വ്യഭി ചാരം എന്ന പാപത്തിലേയ്ക്ക് പോലും നയിക്കുകയും ചെയ്യു ന്നു.

യേശു പഠിപ്പിക്കുന്ന ഈ മൂന്ന് തലങ്ങളിലും നമ്മുടെ സഭയും സമൂഹവും വളരെയേറെ തകർക്കപ്പെട്ടിട്ടുണ്ട്. വിശ്വ സ്ഥതയില്ലാത്ത വിശ്വാസം സഭാ സംവിധാനത്തെയും സാമൂ ഹിക സംവിധാനങ്ങളെ യും സർവോപരി കുടുംബബന്ധങ്ങ ളെയും നശിപ്പിക്കുമെന്ന് നമ്മുടെ ആനുകാലിക സംഭവങ്ങൾ വ്യക്തമാക്കുന്നു. യാക്കോബ്ശ്ലീഹാ പറയുന്നതുപോലെ പ്രവൃ ത്തികൾ ഇല്ലാത്ത നിർജീവ വിശ്വാസം നമ്മുടെ സഭയിലും കുടുംബങ്ങളിലും പ്രബലമാകുന്നു. വിശ്വാസം സ്ഥിരതയില്ലാ ത്തവരുടെ കൂട്ടം, കുടുംബം, സഭ എല്ലാം അതിൽ തന്നെ നശി ക്കാൻ സാധ്യതയുള്ളതാണ്.

www.malankaralibrary.com

സുവിശേഷം പ്രസംഗിക്കപ്പെടാഞ്ഞിട്ടല്ല, നൂതനമായ എല്ലാ മാർഗങ്ങളും സുവിശേഷ പ്രഘോഷണത്തിന് നാം ഉപയോഗിക്കുമ്പോഴും തകർക്കപ്പെടുന്ന സഭാസംവിധാനവും കുടുംബബന്ധങ്ങളും വ്യക്തിജീവിതങ്ങളും അനേകമാണ്, മറിച്ച് അബ്രഹാമിനെപ്പോലെയുള്ള വിശ്വാസപിതാക്കന്മാരുടെയും മാതാക്കളുടെയും എണ്ണം വളരെ കുറഞ്ഞു. ഇവിടെ യേശു ആഗ്രഹിക്കുന്ന കാര്യം മറ്റൊന്നുമല്ല, വിശ്വാസം വെറും ആശയമായി നിൽക്കാതെ വ്യക്തികളായി മാറണം. അവൻ തന്നെയും ജീവിച്ചത് ദൈവപിതാവിലുള്ള വിശ്വാസ രൂപമായാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹം തകർക്കപ്പെടാത്ത വിശ്വാസത്തിന്റെ ആൾരൂപമായിരുന്നു. ദൈവപിതാവിലുള്ള വിശ്വാസം ഒരുവനിൽ ശക്തമായാൽ അവൻ/അവൾ ഒരു ജനതയെ നയിക്കും, സഭയെ താങ്ങിനിർത്തും. സാമൂഹിക ബന്ധങ്ങളെ വളർത്തും. കുടുംബത്തെയും വ്യക്തികളെയും നശിപ്പിക്കാതെ കാത്തുസൂക്ഷിക്കും. ദൈവത്തിനു മുമ്പിൽനിന്ന് സഭയ്ക്കും സമൂഹത്തിനും വേദനിക്കുന്ന വ്യക്തികൾക്കുംവേണ്ടി പ്രാർഥിക്കാനും പറയാനും ബലിയർപ്പിക്കാനും കഴിവുള്ള പിതാക്കന്മാരും മാതാക്കളുമായി രൂപാന്തരപ്പെടാൻ നമുക്ക് ശ്രമിക്കാം പ്രാർഥിക്കാം.

**ഫാ. റോയ് ആഞ്ഞിലിമൂട്ടിൽ**

www.malankaralibrary.com



## ഒക്ടോബർ 16
## സ്ലീബാപ്പെരുന്നാളിനുശേഷം 5-ാം ഞായർ

# ഭാഷ്യം

### മത്താ 23:1-12

## സന്ദർഭം

തന്റെ പീഡാനുഭവത്തിനൊരുക്കമായി ഓശാന വിളികൾക്കിട യിലൂടെ ജറുസലെമിലേക്ക് പ്രവേശിക്കുന്ന ഈശോ ദൈവാലയം ശുദ്ധീകരിക്കുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. ഈശോ യെ ഇല്ലാതാക്കാനായി അവിടുത്തെ വാക്കിൽ കുടുക്കാനും ചതിവിൽ പിടിച്ചു കൊണ്ടുപോകാനും ഫരിസേയരും നിയമജ്ഞരും പല തവ ണ പരിശ്രമിക്കുന്നു (മത്താ 21-22). അവരുടെ കാപട്യത്തെ വ്യക്ത മാക്കിക്കൊണ്ട് ഈശോ അവരെ വിമർശിക്കുന്നതാണ് ഈ സുവി ശേഷഭാഗത്തിന്റെ പശ്ചാത്തലം.

## സാരം

യഹൂദസമൂഹങ്ങളിൽ ഏറ്റവുമധികം വിലമതിക്കപ്പെടുന്നവരായി രുന്നു മോശയുടെ സിംഹാസനത്തിലിരുന്ന് അവരെ പഠിപ്പിക്കുകയും നിയമം വ്യാഖ്യാനിച്ച് നൽകുകയും ചെയ്തിരുന്ന നിയമജ്ഞരും ഫരിസേയരും. ആളുകൾ ഒരുമിച്ചുകൂടിയിരുന്നിടത്തെല്ലാം അഭിവാ ദ്യവും ആദരവും പ്രമുഖ സ്ഥാനങ്ങളും അവർക്ക് ലഭിച്ചിരുന്നു. നിയമം നന്നായി പഠിച്ചിരുന്ന അവരുടെ ദൗത്യം യഹൂദമതജീവിത ത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായ ദൈവകല്പനകൾ വ്യാഖ്യാ നിച്ചു കൊടുത്ത് ദൈവവഴിയിലൂടെ സഞ്ചരിക്കാൻ ജനങ്ങളെ സഹായിക്കുക എന്നതായിരുന്നു. ജീവിതമാതൃകയിലൂടെയായിരു

www.malankaralibrary.com

ന്നു അവരതു ചെയ്യേണ്ടിയിരുന്നത്. എന്നാൽ സ്വാർഥതയ്ക്ക് അടിപ്പെട്ട അവർ, വ്യാഖ്യാനിച്ചു കൊടുക്കുന്ന നിയമത്തിനനുസൃതമായ ജീവിതം നയിക്കാൻ ശ്രദ്ധിച്ചിരുന്നില്ല. നിയമപാലകരായി ജനങ്ങൾക്കു മുൻപിൽ അഭിനയിച്ചിരുന്ന അവരുടെ യഥാർഥ ജീവിതം ദൈവകല്പനകൾക്കു കടകവിരുദ്ധമായിരുന്നു. വൈരുധ്യം നിറഞ്ഞ അവരുടെ ജീവിതമാതൃകയെ അനുകരിക്കരുത് എന്ന് ഈശോ മുന്നറിയിപ്പ് നൽകുന്നു.

## സന്ദേശം

ദൈവഹിതപ്രകാരം വാക്കുകളും പ്രവൃത്തികളും സമരസപ്പെടുമ്പോഴാണ് ഒരാൾ യഥാർഥ ക്രിസ്തുശിഷ്യ/ൻ ആയി മാറുന്നത്. ആത്മീയജീവിതത്തെ ആഴമുള്ളതാക്കുന്നത് പറയുന്ന വാക്കുകളോട് ചെയ്യുന്ന പ്രവൃത്തികൾ ചേർത്തുവയ്ക്കാനുള്ള ശ്രമങ്ങളാണ്. അങ്ങനെയുള്ളവരാണ് 'പാറമേൽ ഭവനം പണിത വിവേകമതികളായ മനുഷ്യർ' (മത്താ 7:24). ശുശ്രൂഷയുടെയും സ്വയം ചെറുതാകലിന്റെയും പാതയിലൂടെ നടന്ന ഈശോതന്നെയാണ് ഇതിനായി നമുക്കു മുമ്പിലുള്ള മാതൃക.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

www.malankaralibrary.com

# പ്രസംഗം

## മൂടുപടങ്ങൾ

മോശ നൽകിയ നിയമത്തിൽ ആഹ്ലാദിച്ചവരും 'നിയമത്തിന്റെ മക്കൾ' എന്ന് അഭിമാനം കൊണ്ടവരുമായിരുന്നു യഹൂദർ. ഈ നിയമത്തിന്റെ ഔദ്യോഗികവും ആധികാരികവുമായ വ്യാഖ്യാതാക്കളും പരിപാലകരുമായി ഫരിസേയരും നിയമജ്ഞരും സ്വയം കരുതി. സാധാരണക്കാരായ ജനങ്ങൾ ഇക്കൂട്ടർ പറയുന്ന കഠിനവും വിചിത്രവുമായിരുന്ന നിയമങ്ങൾ (ലിഖിതവും അലിഖിതവുമായവ) പാലിക്കണമെന്ന് ശഠിച്ചിരുന്നു. കർക്കശമായ നിയമപാലനത്തിലൂടെയാണ് തങ്ങൾ ദൈവരാജ്യത്തിന് അവകാശികളാകുന്നതെന്ന് അവർ കരുതി.

സ്നേഹത്തിന്റെ ചൈതന്യമല്ല അവരെ നയിക്കുന്നത്. ജനങ്ങളുടെ പ്രീതി, അത്യാഗ്രഹം, സ്വാർഥതാല്പര്യം എന്നിവയെ മറയ്ക്കുന്നതിനായി അവർ ബാഹ്യമായ ചില കാര്യങ്ങളൊക്കെ കാട്ടിക്കൂട്ടുന്നു എന്നു മാത്രം. അവരുടെ വ്യാജമുഖത്തെ അനാവരണം ചെയ്യുന്ന ഈശോ വളരെ കടുത്ത വാക്കുകളുപയോഗിച്ചാണ് അവ രെ വിമർശിക്കുന്നത്. നാലു സുവിശേഷകരും രേഖപ്പെടുത്തിയിട്ടുള്ള ഈ വേദഭാഗം, തന്നെ എതിർക്കുന്ന ആളുകൾക്കെതിരെ നേരത്തെത്തന്നെ നടത്തിയിട്ടുള്ള വിമർശനങ്ങളുടെ സംഗ്രഹമാണെന്ന് പറയാം.

'Be Aware of the fury of the meek" (ശാന്തശീലരുടെ രോഷത്തെ കരുതിയിരിക്കുക) എന്നൊരു ചൊല്ലുണ്ട്. 'ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാണ്' (മത്താ 11:29) എന്നു പഠിപ്പിച്ച യേശു ഇത്ര രോഷാകുലനായി സംസാരിക്കാൻ കാരണം, ആവർത്തിച്ചു പറഞ്ഞി

www.malankaralibrary.com

ട്ടും ജീവിച്ചു കാണിച്ചിട്ടും തന്റെ ആശയങ്ങൾ ജനഹൃദയങ്ങളിൽ എത്തുന്നില്ല എന്ന വേദനയാണ്. മതനേതാക്കന്മാരും നിയമജ്ഞരു മൊക്കെ ഏറ്റവും വലിയ ദൈവികനിയമം (സ്നേഹം) ലംഘിച്ച് ലൗകികമായ നിയമങ്ങളുടെ അനുഷ്ഠാനത്തിന് അമിതപ്രാധാന്യം നൽകുന്നത് കണ്ടുള്ള ആത്മരോദനമാണ് ഈ വേദഭാഗം. നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ള ഈശോയുടെ ആരോപണങ്ങൾ ഓരോന്നായി നമുക്ക് പരിശോധിക്കാം.

**അവർ നീണ്ട മേലങ്കി ധരിക്കാൻ ആഗ്രഹിക്കുന്നു**

അക്കാലത്ത് നിലത്തിഴയത്തക്കവിധമുള്ള നീണ്ട വസ്ത്രങ്ങൾ ധരിക്കുന്നത് ശ്രദ്ധേയരായ വ്യക്തികളായിരുന്നു. ഈ നീണ്ട വസ്ത്രം ധരിച്ചാൽ നേരെ ചൊവ്വേ ജോലി ചെയ്യാനോ നടക്കാനോ പ്രയാസമാണ്. അതിനാൽ ഇത് 'അലസനായ ബഹുമാന്യദേഹ' ത്തിന്റെ പ്രതീകമാണ്. അവർ നഗരവീഥികളിൽ അഭിവാദനം സ്വീകരിക്കാൻ ആഗ്രഹിക്കുന്നു (RSV ബൈബിൾ വിവർത്തനത്തിൽ പൊതുസ്ഥലം എന്നതിനു പകരം ചന്ത എന്നാണ് കാണുന്നത്). ചന്തയായാലും പൊതുസ്ഥലമായാലും ആളുകൂടുന്നിടം എന്നർത്ഥം. നാലാളു കൂടുന്ന സ്ഥലത്ത് ആളുകൾ 'റബ്ബി' എന്നു വിളിക്കുന്നത് കേൾക്കാൻ അവർക്ക് വലിയ ഇഷ്ടമാണ്. റബ്ബി എന്ന വാക്കിന് നമ്മൾ 'ഗുരു' എന്നു വിവർത്തനം നൽകുന്നുണ്ടെങ്കിലും ഇംഗ്ലീഷിൽ (My Great One) എന്നാണ് ഭാഷാന്തരീകരണം. 'എന്റെ വല്യങ്ങുന്ന്' എന്നു പച്ച മലയാളം. മറ്റുള്ളവർ തങ്ങളെ സുഖിപ്പിക്കുന്ന വാക്കുകൾ പറയണം എന്ന് അവർ ആഗ്രഹിക്കുന്നു.

വിരുന്നുകളിൽ പ്രമുഖസ്ഥാനങ്ങൾ ലഭിക്കാൻ അവർ ആഗ്രഹിക്കുന്നു. വിരുന്നൊരുക്കുമ്പോൾ മുൻഗണനാ ക്രമമനുസരിച്ച് ആതിഥേയന്റെ തൊട്ടുവലതുഭാഗത്ത് ഏറ്റം പ്രധാനപ്പെട്ട അതിഥി, ഇടതുഭാഗത്ത് അതിനുശേഷം പ്രാധാന്യമുള്ളയാൾ ഇങ്ങനെ രണ്ടുവശ

www.malankaralibrary.com

ങ്ങളിലും മാറി മാറി സ്ഥാനവലിപ്പമനുസരിച്ചാണ് ആളുകളെ ഇരുത്താറുള്ളത്. പ്രധാനസ്ഥലങ്ങളിൽ കയറിയിരുന്ന് തങ്ങൾ മറ്റുള്ളവരെക്കാൾ അംഗീകരിക്കപ്പെട്ടവരാണെന്ന് തെളിയിക്കാൻ നിയമജ്ഞർ ശ്രമിക്കുന്നു.

**അവർ വിധവകളുടെ ഭവനങ്ങളെ വിഴുങ്ങുന്നു**

വിധവ നിരാലംബയാണ്. അവളെ ചൂഷണം ചെയ്യുന്നവരാണ് നിയമജ്ഞർ. 'നനഞ്ഞിടം കുഴിക്കുക' എന്ന പഴഞ്ചൊല്ല് ഇവിടെ ചേരുന്നതാണ്. വിധവകൾ തങ്ങളുടെ വസ്തുവകകൾ ഭക്തരായ ആളുകളെ ഏൽപ്പിക്കുന്ന പതിവ് അക്കാലത്ത് ഉണ്ടായിരിക്കാം. റബ്ബിമാർ നിയമം പഠിപ്പിക്കുന്നതിന് പണമൊന്നും വാങ്ങരുതെന്നാണ് വകുപ്പ്. തങ്ങൾ ദൈവത്തിന്റെ പ്രീതി നേടിയവരാണെന്നും തങ്ങളെ സഹായിക്കുന്നവർക്ക് സ്വർഗത്തിൽ മുന്തിയ സീറ്റ് ഉറപ്പാണെന്നും മറ്റും പറഞ്ഞു വിശ്വസിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. ഈ കെണിയിൽ പ്രധാനമായും കുടുങ്ങിയത് സ്ത്രീകളാണ്.

**അവർ ദീർഘമായി പ്രാർഥിക്കുന്നുവെന്ന് നടിക്കുന്നു**

ദീർഘമായി പ്രാർഥിച്ചതല്ല കുഴപ്പം; നാടകം കളിച്ചതാണ്. അവർ നടത്തിയ പ്രാർഥന ദൈവത്തിനു വേണ്ടിയല്ല, തങ്ങൾക്കു വേണ്ടിയായിരുന്നു. പ്രാർഥന കേൾക്കുന്നവർ പറയണം; "ഹോ എന്തൊരു പ്രാർഥന റബ്ബീ" പ്രശംസ ആഗ്രഹിച്ചാണ് അവരുടെ പ്രാർഥന. നിയമജ്ഞരെ സംബന്ധിച്ചിടത്തോളം ഓളങ്ങളും ആരവങ്ങളും സൃഷ്ടിക്കുക എന്നതിൽ കവിഞ്ഞ അജണ്ടയൊന്നും ഇല്ലായിരുന്നു. മനുഷ്യരുടെ പ്രീതി നേടിയെടുക്കാൻ ദൈവപ്രമാണങ്ങളെ അവർ അവഗണിച്ചു.

www.malankaralibrary.com

**നെറ്റിപ്പട്ടങ്ങൾക്ക് വീതി കൂട്ടുന്നു**

പുറപ്പാട് പുസ്തകത്തിലും (13:9, 13:6), നിയമാവർത്തന പുസ്തകത്തിലും (6:8, 11:8) കാണുന്ന ദൈവനിർദേശമാണ്, ഈജിപ്തിൽ നിന്ന് ഇസ്രായേല്യരെ ദൈവം പുറത്തുകൊണ്ടുവന്നതിന്റെ അടയാളമായി നെറ്റിയിലും ഭുജത്തിലും ദൈവവചനം അടയാളമായി ചാർത്തണമെന്നത്. അതനുസരിച്ച് ദൈവവചനം രേഖപ്പെടുത്തി അവർ കൈത്തണ്ടകളിലും നെറ്റിയിലും കെട്ടാറുണ്ടായിരുന്നു. നിയമത്തോടുള്ള തങ്ങളുടെ അതിതീക്ഷ്ണത മറ്റുള്ളവരെ ബോധ്യപ്പെടുത്താനായി അസാധാരണ വലിപ്പമുള്ള നെറ്റിപ്പട്ടങ്ങളിൽ ഫരിസേയർ ദൈവവചനങ്ങൾ കുറിച്ചുവച്ചിരുന്നു.

ഇവരുടെ വംശം ഇന്നും തുടർന്നുപോകുന്നു. സ്ഥാനമോഹികൾ, എവിടെയും ഇടിച്ചു കയറുന്നവർ, ജീവിതം ഷോ ആക്കി മാറ്റുന്നവർ, മറ്റുള്ളവരുടെ ബലഹീനതകളെ ചൂഷണം ചെയ്യുന്നവർ... എല്ലായിടത്തുമുണ്ട്. കാപട്യമില്ലാത്ത ക്രിസ്ത്യാനികളായി ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം. ഫരിസേയ മനോഭാവത്തിന്റെ അവശിഷ്ടങ്ങൾ നമ്മിലും കയറിപ്പറ്റിയിട്ടുണ്ട്. പാവങ്ങളോടുള്ള പ്രതിബദ്ധത വിസ്മരിച്ച് ആർഭാടത്തിന്റെയും പ്രദർശനപരതയുടെയും ലോകത്താണ് പലരും. അധികാരത്തിന്റെയും ധനസമ്പാദനത്തിന്റെയും പിന്നാലെ പാഞ്ഞ് എളിയ ശുശ്രൂഷകൾ പലരും അവഗണിക്കുന്നു. മനുഷ്യത്വമില്ലാത്ത നിയമ കാർക്കശ്യത്താൽ സാധാരണക്കാരെ പലരും വലയ്ക്കുന്നു. തങ്ങളുടെ കപടതകളെ 'ഭക്തി' യെന്ന ലേബലൊട്ടിച്ച് ചിലരെങ്കിലും വിൽപ്പനച്ചരക്കാക്കുന്നു. അവരെ കാത്തിരിക്കുന്നതും ഫരിസേയർക്കും നിയമജ്ഞർക്കുമുള്ള വിധിയാണ്.

**ഫാ. മാർട്ടിൻ പ്രേമാനന്ദ് OIC**

www.malankaralibrary.com



## ഒക്ടോബർ 23
## സ്ലീബാപ്പെരുന്നാളിനുശേഷം 6-ാം ഞായർ

# ഭാഷ്യം
## മത്താ 25:31-46

## സന്ദർഭം

ദൈവരാജ്യത്തിന്റെ സുവിശേഷം എന്ന് അറിയപ്പെടുന്ന വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ അഞ്ചാം സംവാദമായ ദൈവരാജ്യപ്രബോധനമാണ് ഈ വചനഭാഗത്തിന്റെ വിശാലപശ്ചാത്തലം. താലന്തുകളുടെ ഉപമയ്ക്കു (25:14-30) ശേഷം യേശുവിന്റെ പീഡാനുഭ വിവരണത്തിനു തൊട്ടുമുൻപായാണ് ഈ ഭാഗം അവതരിപ്പിക്കപ്പെടുന്നത്. യേശുവിന്റെ രണ്ടാം വരവിനെപ്പറ്റിയുള്ള പ്രബോധ നത്തിന്റെ ഭാഗമായിത്തന്നെ ഇത് അവതരിപ്പിക്കുന്നു.

## സാരം

ക്രിസ്തീയ ധാർമികതയുടെ മർമത്തെയും അതിന്റെ പ്രായോഗികമാനങ്ങളെയും കൃത്യതയോടെ ഇവിടെ അവതരിപ്പിക്കുന്നു. നിത്യജീവിതം, നിത്യരക്ഷ, നിത്യവിധി എന്ന നിത്യസത്യങ്ങളെ അവതരിപ്പിക്കുന്നതിൽ വിശുദ്ധ മത്തായി സുവിശേഷകൻ വളരെയധികം ശ്രദ്ധപതിപ്പിക്കുന്നു. നിത്യരക്ഷ പ്രാപിക്കാനുള്ള മാർഗദർശനം സ്നേഹമാണ്. യേശുവിന്റെ പ്രബോധനമാണ് ഈ 'അന്ത്യവിധി' എന്ന ഉപമയിലൂടെ വിവരിക്കപ്പെടുന്നത്. ദൈവസ്നേഹവും

www.malankaralibrary.com

പരസ്നേഹവും (മത്താ 22:37–39) എന്ന യേശുവിന്റെ ദൈവ രാജ്യത്തിന്റെ പുതിയനിയമത്തിന്റെ രണ്ടാം ഭാഗത്തിനാണ് ഊന്നൽ നല്കി ഇവിടെ പരാമർശിക്കപ്പെടുന്നത്.

## സന്ദേശം

വിശുദ്ധ മത്തായിയുടെ സുവിശേഷം ആകമാനം നോക്കിയാൽ ദൈവരാജ്യം എന്ന മുഖ്യപ്രമേയ വിഷയത്തിലൂന്നി പ്രബോധിപ്പിക്കുന്ന യേശുവിനെ കാണാനാവും. യേശുവിലൂടെ സംജാതമാകുന്ന ദൈവരാജ്യത്തിന്റെ നവമായ മുഖം അവതരി പ്പിക്കപ്പെടുകയാണ്. അന്ത്യവിധിയുടെ പ്രധാനമായ സന്ദേശം ഈ ദൈവരാജ്യത്തിലെ പരസ്നേഹത്തിന്റെ ലാവണ്യഭാവമാണ്.

യുഗാന്ത്യത്തിലെ നന്മയും തിന്മയും തമ്മിലുള്ള വേർതിരിവിനെപ്പറ്റിയുള്ള സുനിശ്ചിതമായ പ്രബോധനത്തിൽ, അതിന്റെ മാനദണ്ഡമെന്തായിരിക്കുമെന്ന് സുവിശേഷകൻ വ്യക്തമാക്കുകയാണ്. ഭൂമിയിൽ നന്മയും തിന്മയും ഒന്നിച്ചു വളരാൻ അനുവദിക്കുക എന്ന് കളകളുടെയും വിളകളുടെയും ഉപമയിലുടെ (13:24-30) പഠിപ്പിക്കുന്നതിന്റെ തുടർച്ചയായി അതിന് ഒരു അന്ത്യമുണ്ടാകുമെന്നും ഓർമിപ്പിക്കുകയാണ് ഈ ഉപമയിലുടെ. ജീവിതാന്ത്യത്തിൽ യേശുവിന്റെ രണ്ടാം വരവിന് മുമ്പായി എപ്രകാരമുള്ള ഒരുക്കമാണ് ക്രിസ്തുശിഷ്യന് ഉണ്ടാകേണ്ടത് എന്ന് വ്യക്തമായി അവതരിപ്പിക്കുന്നു. ചുരുക്കത്തിൽ ഒരു പ്രായോഗിക മതം അവതരിപ്പിക്കുകയാണിവിടെ. ക്രിസ്തുവിൽ സംജാതമാകുന്ന ദൈവരാജ്യത്തിന്റെ മുഖം കാരുണ്യത്തിന്റെയും പരസ്നേഹത്തിന്റേതുമാണ്. യഹൂദരുടെ ദൈവരാജ്യ സങ്കല്പങ്ങളിലും പരമ്പരാഗത വിശ്വാസങ്ങളിലും നിന്ന് തുലോം വിപരീതമാണ് ഇവിടെ നാം ദർശിക്കുക. അധികാരവും ശക്തിയും സമ്പത്തും സ്വാധീനവും ആരോഗ്യവും മററും അടിസ്ഥാനമാകുന്ന രാജ്യമോഹത്തിൽനിന്നും ഭിന്നമായ പുതിയ രാജ്യം, പുതിയ നിയമം, ശാ

www.malankaralibrary.com

ശ്വതമായ പ്രതിഫലം ഇവയൊക്കെ ഈ ഉപമയിലൂടെ അനാവരണം ചെയ്യപ്പെടുകയാണ്. ദൈവരാജ്യത്തിന്റെ യുഗാന്ത്യോന്മുഖമാനത്തിന്റെ സവിശേഷമാനങ്ങൾ ഇപ്രകാരം കുറിക്കാം.

1. എല്ലാവർക്കുമുള്ള രാജ്യം - ചെറിയവനും വലിയവനും സ്ഥലമുള്ള ഇടം.

2. തുല്യനീതി - തുല്യമായ വിധിക്കു മുന്നിൽ എല്ലാവരും വേർതിരിക്കപ്പെടുന്ന സമയം.

3. ഒരു നിയമം - പരസ്നേഹം, കരുണ എന്നിവ മാത്രം അടിസ്ഥാനമായ നിയമസംവിധാനം.

4.സമ്മാനിതമാകുന്ന അധ്വാനം - പ്രതിഫലം നല്കപ്പെടുന്ന, ദൈവപിതാവിനാൽ അനുഗ്രഹിപ്പെടുന്ന സ്നേഹാനുഭവം.

5. നിത്യരക്ഷയുടെ നിതാന്ത സാധ്യത - ലോകസ്ഥാപനത്തിന് മുൻപേ ഒരുക്കപ്പെട്ടിരുന്ന അവസാനിക്കാത്ത സാധ്യത.

**ഡോ. സി. മേരി പ്രസാദ് D.M**

www.malankaralibrary.com

# പ്രസംഗം

## ചെമ്മരിയാടുകളും കോലാടുകളും

മനുഷ്യപുത്രൻ തന്റെ തേജസോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും. അപ്പോൾ സകല ജാതികളെയും അവന്റെ മുമ്പിൽ വരുത്തും. ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ അവൻ അവരെ വേർതിരിക്കും. ചെമ്മരിയാടുകളെ തന്റെ വലതുവശത്തും കോലാടുകളെ ഇടതുവശത്തും നിർത്തും.

മനോഹരമായ ഒരു ഉപമയിലൂടെയാണ് ദൈവപുത്രൻ തന്റെ രണ്ടാം വരവിന്റെ ലക്ഷ്യം വെളിപ്പെടുത്തുന്നത്. ചെമ്മരിയാടുകളെയെന്നതുപോലെ നന്മ പ്രവർത്തിച്ചവരെയും കോലാടുകളെയെന്നതുപോലെ നന്മ പ്രവർത്തിക്കാതിരുന്നവരെയും വേർതിരിക്കും. വേർതിരിക്കുന്നതിനാകട്ടെ വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടുതാനും. നിഷിദ്ധമായ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്ന് മരിച്ചവരായ ആദിമാതാപിതാക്കളെ ഓർക്കുമ്പോൾ നമ്മുടെ ചിന്തകൾ കനപ്പെടാൻ സാധ്യതയുണ്ട്.

വിശാലാർഥത്തിൽ, ന്യായമായി ലഭിക്കേണ്ട ഒരു നന്മയുടെ അഭാവമാണ് തിന്മ (Evil is the absence of a due good). ഒരുവൻ ന്യായമായും ചെയ്യേണ്ട നന്മ ചെയ്യാതിരിക്കുന്നതും തിന്മയാണ്. അതുകൊണ്ടുതന്നെ തിന്മയുടെ പക്ഷംപിടിക്കുന്നവർക്ക് കോലാടുകളുടെ രൂപവും ഭാവവുമാണുള്ളത്.

www.malankaralibrary.com

ഈ ഭാഗം കൂടുതൽ വ്യക്തമാക്കിത്തരുന്നത് അപ്പസ്തോലനായ പൗലോസ് ശ്ലീഹയാണ്. "ആകയാൽ കർത്താവ് വരുവോളം സമയത്തിന് മുമ്പേ ഒന്നും വിധിക്കരുത്. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകൾ വെളിപ്പെടുത്തും. അന്ന് ഓരോരുത്തനും ദൈവത്തിൽ നിന്ന് പുകഴ്ച്ച ലഭിക്കും" (1 കോറി 4:5).

**വരവിന്റെ ലക്ഷ്യം**

ദൈവപുത്രൻ രണ്ടാമത് എഴുന്നള്ളുന്നത് കൃത്യമായ കർമപദ്ധതിയുമായാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഏറെക്കുറെ വ്യക്തമാണിത്. "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്ത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം പ്രതിഫലം നൽകും" (മത്താ 16:27). പ്രമാണങ്ങളുടെ വഴിയിൽ നടന്നവരെയും സുകൃതം ചെയ്തവരെയും വലതുഭാഗത്ത് മാറ്റിനിർത്തി ആദരിക്കുന്ന ദൈവം അവർ ചെയ്ത നന്മകളെ എടുത്തുപറയുന്നുണ്ട്. വിശന്നപ്പോൾ ഭക്ഷണം തന്നവർ, ദാഹിച്ചപ്പോൾ കുടിക്കാൻ തന്നവർ, അതിഥിയെ സൽക്കരിച്ചവർ, നഗ്നനെ ഉടുപ്പിച്ചവർ, രോഗികളെ പരിചരിച്ചവർ, തടവിലായിരുന്നവരെ സന്ദർശിച്ചവർ അവരെല്ലാം തേജസ്സുള്ള സിംഹാസനത്തിന്റെ വലതുഭാഗത്തു നിൽക്കേണ്ടവരാണ്. അവർ ഇടയന്റെ കണ്ണിലെ ചെമ്മരിയാടുകളാണ്.

അവസാന ന്യായവിധിയാണ് ഈ വേദഭാഗത്ത് മുഴച്ചുനിൽക്കുന്നത്. ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ഉപമ യഥാർഥത്തിൽ ഒരു ഉപമയല്ല; ഉപമാസ്വഭാവം ഇതിനുണ്ടെന്നെയുള്ളൂ. ഇടയൻ, രാജാവ്, ന്യായാധിപതി തുടങ്ങിയവരെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിച്ചുകൊണ്ടുള്ള പരമ്പരയായുള്ള

www.malankaralibrary.com

യഹൂദ ഉപമാ ചിത്രീകരണങ്ങളിൽ കൂടി യേശു വിപ്ലവകരമായ ഉദ്ബോധനമാണ് നൽകുന്നത്. പുനരാഗമനത്തിനു മുമ്പുള്ള കാലയളവിൽ ക്രിസ്തുവിന്റെ മഹത്ത്വത്തിൽ ദൃശ്യനല്ലെങ്കിലും സമൂഹത്തിൽ ദുർബലരും പാർശ്വവല്ക്കരിക്കപ്പെട്ടവരുമായ അല്ലെങ്കിൽ ഒന്നുമില്ലാത്തവരും ഒന്നുമല്ലാത്തവരുമായ എളിയവരെ ഹൃദയപൂർവം കരുതുന്നതിൽ കൂടി ക്രിസ്തു പ്രത്യക്ഷനാണ്. "എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനർഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കും" (സങ്കീ 41: 1) എന്നാണ് ഇസ്രായേലിന്റെ മധുരഗായകന്റെ ഭാഷ്യം.

**ചെമ്മരിയാടുകളാകുക**

യേശുവിന്റെ പ്രബോധനത്തിന്റെ അന്തഃസത്ത നന്മ പ്രവർത്തിക്കുന്ന ചെമ്മരിയാടുകളാകുക എന്നതാണ്. ദൈവത്തിനു പ്രസാദകരമായ ഉപവാസത്തെകുറിച്ച് പറയുന്നിടത്ത് ഏശയ്യാ പ്രവാചകൻ വാചാലനാകുകയാണ്: "വിശപ്പുള്ളവനുമായി നിന്റെ അപ്പം പങ്കുവയ്ക്കുന്നതും പാർപ്പിടമില്ലാത്ത ദരിദ്രനെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെത്തന്നെ മറയ്ക്കാതിരിക്കുകയും ചെയ്യുന്നതാണ് ദൈവത്തോടൊത്തു പാർക്കുന്നവന്റെ മുഖമുദ്ര" (ഏശ 58: 7) ദൈവവിശ്വാസത്തിന്റെ പ്രായോഗിക തലങ്ങളെ മുന്നോട്ടുവയ്ക്കുമ്പോൾതന്നെ ചെമ്മരിയാടുകളാകാനുള്ള നിർമലവഴികളും ഇവിടെ തുറന്നിടുകയാണ്. ഭക്തിയുള്ള മനുഷ്യന് ചെമ്മരിയാടുകളാകാനുള്ള സാഹചര്യങ്ങളും സാധ്യതകളും ഏറെയാണ്. യാക്കോബ് ശ്ലീഹ ഓർമപ്പെടുത്തുന്നു: "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമലവുമായ ഭക്തി അനാഥരെയും വിധവകളെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്തവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു" (യാക്കോ 1:27).

www.malankaralibrary.com

ഹെബ്രായ സഭയോടുള്ള പ്രായോഗിക പ്രബോധനങ്ങൾക്കിടയിൽ അപ്പസ്തോലനായ പൗലോസും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്: "സഹോദര സ്നേഹം നിലനിൽക്കട്ടെ. ആതിഥ്യമര്യാദ മറക്കരുത്. അതുവഴി, ദൈവദൂതന്മാരെ സൽക്കരിച്ചവരുണ്ട്" (ഹെബ്രാ 13:1). ജീവകാര ണ്യ പ്രവർത്തനങ്ങൾ ക്യാമറക്കണ്ണുകളിൽ ഒപ്പിയെടുത്ത് പരസ്യപ്പെടുത്തി ആഘോഷവും ആരവവുമാക്കി മാറ്റി ആത്മ സുഖം അന്വേഷിക്കുന്നവരോടുള്ള സുവിശേഷപ്രസംഗം കൂടിയാണിത്. ഔപചാരികതയുടെ പരിവേഷമണിയാതെ ആത്മാർഥതയുടെ സംശുദ്ധ വഴിയിൽ പരസ്നേഹത്തിന്റെ 'രഹസ്യാത്മകത' കാത്തുസൂക്ഷിക്കുകയാണ് കരണീയമായിട്ടുള്ളത്.

വേദഭാഗത്ത് നീതിമാന്മാരുടെ കർത്താവിനോടുള്ള ആകാംക്ഷ നിറഞ്ഞ ചോദ്യമാണ് ഈ നിർമലവിചാരങ്ങളെ ശ്രേഷ്ഠതരമാക്കുന്നത്. "ഞങ്ങൾ എപ്പോൾ നിന്നെ വിശന്നുകണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ട് ചേർത്തുകൊൾകയോ നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കുകയോ ചെയ്തു? നിന്നെ രോഗിയായിട്ടോ, തടവിലോ, എപ്പോൾ കണ്ടിട്ട് ഞങ്ങൾ നിന്റെ അടുക്കൽ വന്നു?" (മത്താ 25: 3739). ഇനിയാണ് ശുശ്രൂഷാ ജീവിതത്തിന്റെ പാരമ്യത വെളിപ്പെടുന്നത്. "രാജാവ് അവരോട്: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കാണ് ചെയ്തത്..." (25:40). ഓർക്കുക, ചെമ്മരിയാടുകളാകാനാണ് ആഗ്രഹിക്കുന്നതെങ്കിൽ കർത്താവിന്റെ 'സഹോദരന്മാരായ' എളിയവരെ ഏറ്റെടുക്കുകയാണ് അഭികാമ്യം. ഒപ്പം വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പെരുമാറ്റം

www.malankaralibrary.com

കൊണ്ടും കോലാടുകളാകാതിരിക്കുക. കാരണം, ന്യായവിധിയുടെ നാളിൽ തേജസ്സുള്ള സിംഹാസനത്തിന്റെ ഇടതുഭാഗത്ത് നിൽക്കേണ്ടവരാണ് അവർ. വിശുദ്ധ വേദത്തിൽ ഒരിടത്തും ഇടതുഭാഗം പ്രതീക്ഷയും പ്രത്യാശയും നല്കുന്നതല്ല. അവരെ അഭിസംബോധന ചെയ്യുന്ന വാക്കുകൾപോലും നമ്മെ നൊമ്പരപ്പെടുത്തുന്നതാണ്. ഓർമക്കൂട്ടുകളിൽപോലും അവർ നിഷ്പ്രഭരാണ്. കാലം അവർക്കുവേണ്ടി ഒന്നുംതന്നെ കാത്തുവയ്ക്കാറുമില്ല.

**ഫാ. ഏലിയാസ് ഐപ്പ് പാറയ്ക്കൽ**

www.malankaralibrary.com

## വൈദികരുടെ ശ്രദ്ധയ്ക്ക്

രൂപതകളിൽ വൈദികരുടെ സ്ഥലം മാറ്റം നടക്കുമ്പോൾ മേൽവിലാസത്തിൽ മാറ്റം വരുന്ന വൈദികർ ദയവായി താഴെക്കാണുന്ന നമ്പരിൽ

ബന്ധപ്പെട്ട് വിലാസം തിരുത്തേണ്ടതാണ്.

കാരുണികൻ കൃത്യമായി ലഭിക്കുന്നതിന്

സഹായകരമാകുമിത്.

ഫോൺ: **0484- 2663933, 9995802006**

www.malankaralibrary.com

Date of Publication: 13 September 2022 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 90)


# കാരുണികൻ വരിക്കാരുടെ ശ്രദ്ധയ്ക്ക്

കാരുണികന്റെ വരിസംഖ്യ ബാങ്കുവഴി അയയ്ക്കുന്നവർ താഴെ കാണുന്ന അക്കൗണ്ടിൽ നിക്ഷേപിച്ചുകഴിഞ്ഞാലുടൻ ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

**വരിസംഖ്യാനിരക്കുകൾ**

1 വർഷം: 300/-

2 വർഷം: 550/-

3 വർഷം: 800/-

5 വർഷം: 1300 /-

**A/c Name- Director Karunikan**
**No. 17530100030870**
**Bank- Federal Bank**
**Branch Thevara**
**IFSC- FDRL0001753**
**Ph: 0484 2663933, 9995802006**


*Printed & Published by Fr. Jacob Naluparayil, Fr. M.Koottumkal, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi-18*